**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കോവിഡ് വ്യാപനം മൂലം ശബരിമല മണ്ഡല, മകരവിളക്ക് തീർത്ഥാടനത്തിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(ദേവസ്വം) വകുപ്പ്

സ.ഉ.(സാധാ) നം.4618/2021/റവ. തീയതി,തിരുവനന്തപുരം, 20/12/2021

---

പരാമർശം:-

1. തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 29/11/2021-ലെ ആർ.ഒ.സി.4/21/ശബ നമ്പർ അപേക്ഷ.
2. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ 30/11/2021-ലെ കത്ത്.
3. പത്തനംതിട്ട ജില്ലാ കളക്ടറുടെ 30/11/2021-ലെ ഡി.സി.പി.റ്റി.എ/4716/2021-ഡി.എം.2 നമ്പർ ശിപാർശ.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കോവിഡ് വ്യാപനത്തിന്റെ തോത് കുറഞ്ഞുവരുന്ന വസ്തുത കണക്കിലെടുത്തും തീർത്ഥാടകരുടെ നിരന്തര ആവശ്യം പരിഗണിച്ചും ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നിലവിലുള്ള ചില നിയന്ത്രണങ്ങളിൽ ഇളവ് അനുവദിക്കണമെന്ന് പരാമർശം(1) പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറും പരാമർശം (2) പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റും അഭ്യർത്ഥിച്ചിരുന്നു. കൂടാതെ പരാമർശം(3) പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടറും ശബരിമലയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങളിൽ ഇളവുകൾക്ക് ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശബരിമലയിലും തീർത്ഥാടനവുമായി ബന്ധപ്പെട്ട മറ്റ് പ്രദേശങ്ങളിലുമെത്തുന്ന തീർത്ഥാടകർ കോവിഡ് മാനദണ്ഡം കർശനമായി പാലിക്കേണ്ടതാണെന്നും ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരിൽ കോവിഡിന്റെ ഒമിക്രോൺ വകഭേദം കണ്ടെത്തിയാൽ ഇളവുകൾ പിൻവലിക്കുകയും പകർച്ചവ്യാധി സാഹചര്യം പരിശോധിച്ച് തുടർന്നുള്ള നിയന്ത്രണങ്ങളിൽ ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതുമാണെന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി ശബരിമല മണ്ഡല, മകരവിളക്ക് തീർത്ഥാടനത്തിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങളിൽ ചുവടെ ചേർക്കും പ്രകാരമുള്ള ഇളവുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സന്നിധാനത്ത് കോവിഡ് മാനദണ്ഡപ്രകാരം 500 മുറികൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു മുറി ഒരാൾക്ക് എന്ന ക്രമത്തിൽ ഭക്തജനങ്ങൾക്ക് രാത്രികാലങ്ങളിൽ താമസിക്കുന്നതിന് അനുവാദം

നൽകുന്നു. കോവിഡ് മാനദണ്ഡപ്രകാരമുള്ള അണുനശീകരണം പ്രസ്തുത മുറികളിൽ കൃത്യമായി നടത്തുന്നതിനുള്ള നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിക്കേണ്ടതാണ്.

2. ശബരിമലയിൽ നെയ്യഭിഷേകം നടക്കുന്ന രാവിലെ 7 മണി മുതൽ 12 മണി വരെ വലിയ തോതിലുള്ള ഭക്തജനത്തിരക്ക് ഉണ്ടാകുവാനുള്ള സാധ്യതയില്ല എന്നത് കണക്കിലെടുത്ത് എല്ലാ ദിവസവും രാവിലെ 7 മണി മുതൽ 12 മണി വരെ നടത്തുന്ന നെയ്യഭിഷേകം ഭക്തർക്ക് നേരിട്ട് നടത്തുന്നതിന് അനുമതി നൽകുന്നു.

3. നീലിമലയിലും അപ്പാച്ചിമേട്ടിലും പ്രാഥമിക ശുശ്രൂഷ നൽകുന്നതിനുള്ള കെട്ടിടങ്ങൾ വൃത്തിയാക്കുകയും ഇവിടെ ആരോഗ്യ വകുപ്പുമായി ചേർന്ന് ആശുപത്രി സജ്ജമാക്കാമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ, നിലവിൽ തീർത്ഥാടകർ സന്നിധാനത്തേക്കും തിരികെ പമ്പയിലേക്കും സഞ്ചരിക്കുന്ന പാതയിൽകൂടിതന്നെയാണ് സാധനങ്ങളുമായി ട്രാക്ടറുകളും മറ്റും പോകുന്നത് എന്നതിനാൽ തീർത്ഥാടകരുടെ സൗകര്യവും സുരക്ഷയും കൂടി പരിഗണിച്ച് പമ്പയിൽ നിന്നും നീലിമല, അപ്പാച്ചിമേട്, മരക്കൂട്ടം വഴിയുള്ള പരമ്പരാഗത പാത തീർത്ഥാടകർക്കായി തുറന്നു കൊടുക്കാൻ അനുവാദം നൽകുന്നു.

4. പമ്പാസ്നാനം അനുവദിക്കുന്നതും പമ്പയിൽ ഭക്തർക്ക് ബലിതർപ്പണത്തിന് ബലിത്തറകൾ സജ്ജീകരിക്കുന്നതും സംബന്ധിച്ച്, പമ്പയിലെ ജലനിരപ്പ് വിലയിരുത്തി ജില്ലാ ഭരണകൂടത്തിന് തീരുമാനമെടുക്കാവുന്നതാണ്.

5. ഒരു ദിവസം ശബരിമലയിലേക്ക് അനുവദിച്ചിരിക്കുന്ന തീർത്ഥാടകരുടെ എണ്ണം 60,000 ആയി വർദ്ധിപ്പിക്കുന്നു. തീർത്ഥാടകർ വിർച്വൽ ക്യൂ വെബ് സൈറ്റ് വഴി ബുക്ക് ചെയ്യണമെന്ന രീതി തുടരുന്നതാണ്.

6. ശബരിമലയിലേക്കുള്ള കാനനപാത കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് തീർത്ഥാടനത്തിനായി തുറന്നു നൽകാൻ അനുമതി നൽകുന്നു. കാനനപാത വഴി തീർത്ഥാടകർക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ വനം വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്തനിവാരണവും വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ്.

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവ്വേറ്റർ ഓഫ് ഫോറസ്റ്റ് & ചീഫ് വൈൽഡ് ലൈഫ് വാർഡൻ,
തിരുവനന്തപുരം.
ചെയർമാൻ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റ് & ജില്ലാ കളക്ടർ, പത്തനംതിട്ട
ചെയർമാൻ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റ് & ജില്ലാ കളക്ടർ, കോട്ടയം
ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട
ജില്ലാ പോലീസ് മേധാവി, കോട്ടയം
കമ്മീഷണൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം.
സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
വെബ് & ന്യൂ മീഡിയാ, ഐ&പി.ആർ.ഡി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by O B Arun Kumar
Date: 20-12-2021 12:44:17
Reason: Approved

സെക്ഷൻ ഓഫീസർ